വകുപ്പിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. തുടർന്ന് ബോക് സൈറ്റ് കൂടി ഖനനം ചെയ്യുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് നൽകുകയും ആയത് ലീസിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം നിലവിലുള്ള ലീസിൽ പുതുതായി കണ്ടെത്തുന്ന ധാതുവിനെ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുള്ളതായി ഈ ചട്ടങ്ങളിൽ പരാമർശമില്ല. കൂടാതെ കണ്ടെത്തിയ ബോക്സൈറ്റ് പരിശോധിച്ചതിൽ അലുമിനിയം ഓക്സൈഡിന്റെ അളവ് കുറവായി കാണപ്പെടുകയും ആയതിനാൽ സിമന്റ് ഗ്രേഡ് വിഭാഗത്തിൽ വരുന്ന ബോക്സൈറ്റ് ആണ് എന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.

അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ

181 (T*4763) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ക്വാറികളാണ് സംസ്ഥാന ഗവൺമെന്റിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

നെയ്ത് തൊഴിലാളികൾക്ക് നല്കിയ സഹായങ്ങൾ

182 (4764) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്ത് തൊഴിലാളികളെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) എത്രയെല്ലാം പാക്കേജാണ് ഇതിനായി നടപ്പാക്കിയത് ; വിശദമാക്കുമോ ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആർക്കെല്ലാമാണ് പാക്കേജ് വഴി സഹായങ്ങൾ ലഭിച്ചത്;

(ഡി) എത്തെല്ലാം ധനസഹായങ്ങളാണ് ലഭിച്ചത്; വിശദമാക്കാമോ ?

ഉത്തരം

(എ) നെയ്ത്ത് തൊഴിലാളികളെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ, റീഫോം, റീ-സ്ട്രക്ചറിംഗ് (ആർ. ആർ.ആർ.) പാക്കേജ് നടപ്പിലാക്കി.

(ബി) റിവൈവൽ, റീഫോം, റീ-സ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം പ്രാഥമിക കൈത്തറി സംഘങ്ങളുടെയും അപ്പക്സ് സംഘത്തിന്റെയും സ്വകാര്യ നെയ്ത്തുകാരുടെയും 31-3-2010 വരെയുള്ള ബാങ്കിലെ കടിശ്ശികയായിട്ടുള്ള 100% വായ്പാ തുകയും 25% പലിശയും തിരിച്ചടക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് നടപ്പാക്കിയത്. സംഘം മെമ്പർമാർക്ക് കൊടുക്കുവാനുള്ള കടിശ്ശികയും ഡെഡ് സ്റ്റോക്കിന്റെ മുഴുവൻ വിലയും പഴയ സ്റ്റോക്കിന്റെ 50% വിലയും നൽകുന്നു.

(സി) ഹാന്റ്ലൂം, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, സ്വകാര്യ നെയ്ത്തുകാർ എന്നിവർക്കാണ് പാക്കേജ് വഴി സഹായം ലഭിച്ചത്.

(ഡി) പ്രാഥമിക കൈത്തറി സംഘങ്ങളുടെയും, അപ്പക്സ് സംഘത്തിന്റെയും സ്വകാര്യ നെയ്ത്തുകാരുടെയും 31-3-2010- ന് കടിശ്ശികയായിട്ടുള്ള വായ്പാ തുകയുടെ 100%, പലിശയുടെ 25% (നോൺ പെർഫോമിംഗ് അസെറ്റ് ആയ തീയതി വരെയുള്ള) എന്നിവ തിരിച്ചടയ്ക്കുന്നതിനും സംഘങ്ങളിലെ മെമ്പർമാർക്ക് നൽകാനുള്ള കടിശ്ശിക, ഡെഡ് സ്റ്റോക്കിന്റെ മുഴുവൻ വിലയും പഴയ സ്റ്റോക്കിന്റെ വിലയുടെ 50% എന്നീ ആവശ്യങ്ങൾക്കുള്ള ധനസഹായങ്ങളുമാണ് നൽകി യിട്ടുള്ളത്.

സ്മാർട്ട് സിറ്റി പ്രവർത്തനം സജ്ജമാക്കാൻ നടപടി

183 (4765) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദ്യത്തെ സ്മാർട്ട് സിറ്റിയുടെ നിർമ്മാണം എന്നാണാരംഭിച്ചത് ; എത്ര വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാനാണ് കരാറിൽ വ്യവസ്ഥ ഉണ്ടായിരുന്നത് ; എത്രത്തോളം നിർമ്മാണമാണ് ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളത് ; നിർമ്മാണം പൂർത്തീകരിക്കുമ്പോൾ എത്തൊക്കെ സംവിധാനങ്ങളാണ് സ്മാർട്ട് സിറ്റിയിൽ ഉണ്ടാവുക മുതലായവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly